25
2025
ജനുവരി
ശനി
മകരം 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.61 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-61 പേജ് 4. വില 2.00 രൂപ




02 എൽ.ബി.എസ് എൻജിനിയറിങ് കോളേജുകൾക്ക് 'ഐഡിയ ലാബ്
03 പകർച്ചവ്യാധികൾ മൃഗങ്ങളിൽ നിന്നും പകരുന്നത്: ഡോ. സൗമ്യ സ്വാമിനാഥൻ
04 മുനമ്പം ജുഡീഷ്യൽ കമ്മിഷൻ നിയമനത്തിനെതിരെ ഹൈക്കോടതി

# ആദിവാസി സ്ത്രീയുടെ മരണം
# നരഭോജി കടുവയെ വെടിവെച്ച് കൊല്ലാൻ ഉത്തരവ്

മാനന്തവാടി: വയനാട് പഞ്ചാരകൊല്ലിയിൽ ആദിവാസി സ്ത്രീയെ കൊലപ്പെടുത്തിയ നരഭോജി കടുവയെ വെടിവച്ചു കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര സർക്കാരിന്റെ എസ്. ഓ. പി. പ്രകാരം പ്രത്യേക സമിതി രൂപീകരിച്ചു കൊണ്ട് നേരത്തെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സമിതി യോഗം ചേർന്ന് ശുപാർശ ചെയ്തത് കണക്കിലെടുത്താണ് ഉത്തരവ് പുറപ്പെടുവിച്ചത്. എസ്. ഓ. പി. പ്രകാരമുള്ള മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് തുടർനടപടികളെടുത്തു വരികയാണ്. കൂട് സ്ഥാപിച്ച് കടുവയെ പിടിക്കാനോ മയക്കുവെടിവെച്ച് പിടിച്ച് ജനവാസമേഖലയല്ലാത്ത പ്രദേശത്തേക്ക് മാറ്റുകയോ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ വെടിവെയ്ക്കാമെന്നാണ് ഉത്തരവിൽ പറയുന്നത്.



മാനന്തവാടി നഗരസഭയിലെ പഞ്ചാരക്കൊല്ലിയിൽ വനമേഖലയോടു ചേർന്നാണ് ആദിവാസി യുവതി കൊല്ലപ്പെട്ടത്. പഞ്ചാരക്കൊല്ലി സ്വദേശി രാധയാണ് മരിച്ചത്. വനംവകുപ്പ് താൽക്കാലിക വാച്ചറായ അച്ചപ്പന്റെ ഭാര്യയാണ് മരിച്ച രാധ. കാപ്പി പറിക്കാൻ സ്വകാര്യ തോട്ടത്തിലേക്കു പോകുന്നതിനിടെയാണു രാധയെ കടുവ കൊന്നതെന്നാണു വിവരം. നൂറ് മീറ്ററോളം രാധയുടെ മൃതദേഹം കടുവ വലിച്ചുകൊണ്ടു പോയി. പകുതി ഭക്ഷിച്ച നിലയിലാണ് വനത്തോടു ചേർന്നു തണ്ടർബോൾട്ട് സംഘം മൃതദേഹം കണ്ടെത്തുന്നത്. നരഭോജി കടുവയെ പിടികൂടാൻ വനംവകുപ്പ് കൂട് സ്ഥാപിച്ചിട്ടുണ്ട്. രാധയുടെ മൃതദേഹം കണ്ടെത്തിയ സ്ഥലത്തിന് സമീപത്തുതന്നെയാണ് കൂട് സ്ഥാപിച്ചിരിക്കുന്നത്.



നരഭോജി കടുവയെ വെടിവെച്ച് കൊല്ലണമെന്നാവശ്യപ്പെട്ട് വലിയ പ്രതിഷേധമാണ് സംഭവസ്ഥലത്തുയർന്നത്. മാനന്തവാടിയിലെ ഡി. എഫ്. ഒ ഓഫീസിലേക്ക് യു. ഡി. എഫ് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചിരുന്നു. വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന് ആരോപിച്ച് നടത്തിയ മാർച്ച് അക്രമാസക്തമായി. ശനിയാഴ്ച മാനന്തവാടി നഗരസഭയിൽ യു. ഡി. എഫ് ഹർത്താൽ പ്രഖ്യാപിച്ചിട്ടുണ്ട്. രാധയുടെ മൃതദേഹം ശനിയാഴ്ച സംസ്കരിക്കും.

### ശനിയാഴ്ച ഹർത്താൽ

മാനന്തവാടി ന?ഗരസഭാ പരിധിയിൽ ശനിയാഴ്ച ഹർത്താൽ പ്രഖ്യാപിച്ച് യു. ഡി. എഫ്. എസ്. ഡി. പി. ഐ. യും പ്രദേശത്ത് ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്. രാവിലെ ആറുമുതൽ വൈകീട്ട് ആറുവരെയാണ് ഹർത്താൽ. അവശ്യസർവീസുകളെ ഹർത്താലിൽ നിന്ന് ഒഴിവാക്കും. അതേസമയം, കടുവയുടെ ആക്രമണത്തിൽ സ്ത്രീ കൊല്ലപ്പെട്ടതിന് പിന്നാലെ മാനന്തവാടിയിലെ ഡി. എഫ്. ഒ ഓഫീസിലേക്ക് യു. ഡി. എഫ് വെള്ളിയാഴ്ച സംഘടിപ്പിച്ച മാ!ർച്ച് അക്രമാസക്തമായിരുന്നു.

വെള്ളിയാഴ്ച രാവിലെ 8.30ഓടെയാണ് വയനാട്ടിൽ കടുവയുടെ ആക്രമണത്തിൽ സ്ത്രീ കൊല്ലപ്പെടുന്നത്. പഞ്ചാരക്കൊല്ലി സ്വദേശി രാധയാണ് മരിച്ചത്. വനംവകുപ്പ് താത്ക്കാലിക വാച്ചറുടെ ഭാര്യയാണ് മരിച്ച രാധ. കാപ്പിക്കുരു പറിക്കുകയായിരുന്ന രാധയെ പതിയിരുന്ന കടുവ ആക്രമിക്കുകയായിരുന്നു. കഴുത്തിൽ പിടിമുറുക്കിയ കടുവ ഇവരെ 100 മീറ്ററോളം വലിച്ചിഴച്ചു. കഴിഞ്ഞ 10 വർഷത്തിനിടെ എട്ട് പേരാണ് വയനാട്ടിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടത്.



## ആയുധനിർമാണശാലയിൽ വൻസ്ഫോടനം, എട്ട് മരണം, ഒട്ടേറെപേർക്ക് ഗുരുതര പരിക്ക്

നാഗ്പുർ: മഹാരാഷ്ട്രയിലെ നാഗ്പുരിൽ ആയുധ നിർമാണശാലയിൽ വൻ സ്ഫോടനം. എട്ട് പേർ മരണപ്പെട്ടു, പത്തോളം പേർക്ക് ഗുരുതരമായി പരിക്കേറ്റതായാണ് വിവരം. ബന്ദാര ജില്ലയിലാണ് സ്ഫോടനമുണ്ടായ ഫാക്ടറി പ്രവർത്തിക്കുന്നത്. സ്ഫോടനത്തിൽ എട്ടുപേർ മരിച്ച വിവരം കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി സ്ഥിരീകരിച്ചു. എട്ട് പേർ മരിച്ചത് പ്രാഥമിക വിവരമാണെന്നും മരണസംഖ്യ ഉയർന്നേക്കാമെന്നും അദ്ദേഹം പറഞ്ഞു.

രാവിലെ പത്തരയോടെ ഫാക്ടറിയിലെ എൽ.ടി.പി സെക്ഷനിലാണ് അപകടമുണ്ടായത്. സ്ഫോടനത്തിൽ ഫാക്ടറിയുടെ മേൽക്കൂര തകർന്ന് ജീവനക്കാർക്ക് മേലെ പതിക്കുകയായിരുന്നു. ആദ്യം മൂന്നുപേരെയാണ് ജീവനോടെ രക്ഷിക്കാൻ സാധിച്ചത്. ഒരാൾ തത്ക്ഷണം മരിച്ചു. എക്സ്കവേറ്റർ ഉപയോഗിച്ചാണ് അവശിഷ്ടങ്ങൾ നീക്കം ചെയ്ത് കുടുങ്ങിക്കിടക്കുന്നവരെ പുറത്തെടുത്തതെന്ന് ഫാക്ടറിയിലെ മുതിർന്ന ഉദ്യോഗസ്ഥൻ പ്രതികരിച്ചു.

വലിയ സ്ഫോടനമാണുണ്ടായതെന്ന് സമീപവാസികളും പ്രതികരിച്ചിട്ടുണ്ട്. അഞ്ച് കിലോമീറ്റർ ദൂരത്തിൽ വരെ സ്ഫോടനത്തിന്റെ ശബ്ദം കേട്ടു, കറുത്ത പുക ഉയരുന്നത് കണ്ടതായും സമീപവാസികൾ പറഞ്ഞു. സ്ഫോടനസ്ഥലത്ത് നിന്നുള്ള ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

## കഠിനംകുളം കൊലപാതകം; ആതിരയെ കൊലപ്പെടുത്തിയെന്ന് സമ്മതിച്ച് പ്രതി ജോൺസൺ

തിരുവനന്തപുരം: കഠിനംകുളം വെഞ്ഞാറമൂട് ആലിയോട് പ്ലാവിള വീട്ടിൽ ആതിര കൊലപാതകത്തിൽ പ്രതി ജോൺസൺ ഔസേപ്പിന്റെ മൊഴി പുറത്ത്. ലൈംഗികബന്ധത്തിലേർപ്പെട്ട ശേഷമാണ് ആതിരയെ കൊലപ്പെടുത്തിയതെന്ന് ജോൺസൺ പോലീസിനോട് പറഞ്ഞു.

ചൊവ്വാഴ്ച രാവിലെ വീട്ടിൽ എത്തിയത് ആതിര വിളിച്ചതനുസരിച്ചാണ്. രാവിലെ ആറരയ്ക്കാണ് പ്രതി പെരുമാതുറയിലെ ലോഡ്ജിൽ നിന്നും ഇറങ്ങിയത്. കാൽനടയായി ആതിരയുടെ വീടിനു സമീപം എത്തി. തുടർന്ന് മകനെ സ്കൂളിൽ വിടുന്നത് വരെ കാത്തിരുന്നു. എട്ടരയ്ക്ക് മകനെ സ്കൂളിൽ വിട്ടതിനു ശേഷം വീടിനുള്ളിൽ കയറി.

ആതിരയോട് ചായയിട്ട് തരാൻ ആവശ്യപ്പെടുകയും യുവതി അടുക്കളയിലേക്ക് പോയ തക്കം നോക്കി കൈയിൽ കരുതിയിരുന്ന കത്തി ബെഡ് റൂമിലെ കിടക്കയുടെ അടിയിൽ ഒളിപ്പിക്കുകയും ചെയ്തു. ഇരുവരും തമ്മിൽ ബന്ധപ്പെടുന്നതിനിടെ ജോൺസൺ കത്തിയെടുത്ത് ആതിരയുടെ കഴുത്തിൽ കുത്തുകയായിരുന്നു.

കത്തി കുത്തിയിറക്കിയ ശേഷം വലിച്ചൂരി കഴുത്തറത്തുവെന്നും പ്രതി പറഞ്ഞു. ധരിച്ചിരുന്ന ഷർട്ടിൽ രക്തം പുരണ്ടതിനെ തുടർന്ന് ആതിരയുടെ ഭർത്താവിന്റെ ഷർട്ട് ധരിച്ചാണ് പ്രതി മടങ്ങിയത്. ആതിരയുടെ സ്കൂട്ടറെടുത്തതിന് ശേഷം ചിറയിൻകീഴ് റെയിൽവെ സ്റ്റേഷനിലെത്തിയ പ്രതി ട്രെയിൻ മാർഗമാണ് കോട്ടയത്ത് എത്തിയത്.

വ്യാഴാഴ്ച കോട്ടയം ചിങ്ങവനത്തുനിന്നാണ് ഇയാളെ പിടികൂടിയത്. പ്രതി വിഷം കഴിച്ചതിനേ തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. നിലവിൽ ഇയാളുടെ ആരോഗ്യനില തൃപ്തികരമാണെന്നാണ് വിവരം.



## അനധികൃത താമസക്കാർക്കെതിരെ റെയ്ഡ്;ചരിത്രത്തിലെ ഏറ്റവും വലിയ നാടുകടത്തൽ, യുഎസിൽ അറസ്റ്റ് കൂടുന്നു

വാഷിങ്ടൻ : യുഎസിൽ അറസ്റ്റിലാകുന്ന അനധികൃത കുടിയേറ്റക്കാരുടെ സംഖ്യ ഉയരുന്നു. വിവിധ ഇടങ്ങളിൽ നിന്നായി 538 പേരെ അറസ്റ്റ് ചെയ്തതായി വൈറ്റ് ഹൗസ്. സൈനിക വിമാനത്തിൽ ഇതുവരെ നാടുകടത്തിയത് 373 പേരെ.

യുഎസ് പ്രസിഡന്റായി ഡോണൾഡ് ട്രംപ് അധികാരത്തിൽ പ്രവേശിച്ചതിനു ശേഷമുള്ള ആദ്യ നടപടിയായാണ് രാജ്യത്ത് നിയമവിരുദ്ധമായി കഴിയുന്ന കുടിയേറ്റക്കാരെ കണ്ടെത്താനുള്ള റെയ്ഡിന് തുടക്കമിട്ടത്. തീവ്രവാദികൾ ഉൾപ്പെടെ രേഖകളില്ലാത്ത 538 കുടിയേറ്റക്കാരെ അറസ്റ്റ് ചെയ്തതായി വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലെവിറ്റ് വ്യക്തമാക്കി.

യുഎസിന്റെ ചരിത്രത്തിൽ വെച്ചേറ്റവും വലിയ നാടുകടത്തലാണ് പുരോഗമിക്കുന്നതെന്നും വാഗ്ദാനങ്ങൾ നടപ്പാക്കുകയും പാലിക്കപ്പെടുകയും ചെയ്യുകയാണെന്നുമാണ് ലെവിറ്റ് കുറിച്ചത്. പിടിയിലായവരിൽ തീവ്രവാദികളും ബലാത്സംഗം നടത്തിയവരും കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചവരും ഉൾപ്പെടുന്നുണ്ടെന്ന് ലെവിറ്റ് എക്സ് പേജിലൂടെ വ്യക്തമാക്കി. രാജ്യത്തിന്റെ അതിർത്തി കാത്തുസൂക്ഷിക്കാൻ നടത്തുന്ന നടപടികളുടെ വിഡിയോയും വൈറ്റ് ഹൗസ് എക്സ് പ്ലാറ്റ്ഫോമിൽ പങ്കുവെച്ചിട്ടുണ്ട്. യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് അറസ്റ്റു ചെയ്തവരിൽ ചിലരുടെ പേരുവിവരങ്ങളും പുറത്തുവിട്ടിട്ടുണ്ട്.

രേഖകളില്ലാതെ രാജ്യത്ത് തുടരുന്ന കുടിയേറ്റക്കാരെ നാടുകടത്തുമെന്നാണ് അധികാരത്തിലേറും മുൻപേ ട്രംപ് നടത്തിയ പ്രഖ്യാപനം. ഈ മാസം 20ന് അധികാരത്തിൽ പ്രവേശിച്ചയുടൻ നുഴഞ്ഞുകയറ്റക്കാരിൽ നിന്ന് രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കുന്നത് ഉൾപ്പെടെ ഒട്ടനവധി എക്സിക്യൂട്ടീവ് ഉത്തരവുകളിലാണ് ഒപ്പുവെച്ചത്. രേഖകളില്ലാതെ യുഎസിൽ കഴിയുന്ന പതിനായിരത്തിലധികം ഇന്ത്യക്കാർ ആശങ്കയിലാണ് കഴിയുന്നത്.



# എൽ. ബി. എസ് എൻജിനിയറിങ് കോളേജുകൾക്ക് 'ഐഡിയ ലാബ്

എൽ ബി എസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുരയിലെ എൽ ബി എസ് വനിത എൻജിനിയറിങ് കോളേജിനും കാസറഗോഡ് എൻജിനിയറിങ് കോളേജിനും കേന്ദ്ര സർക്കാരിന്റെ ഐഡിയ ലാബ് അനുവദിച്ച് ഉത്തരവായി. മുഴുവൻ സമയവും പ്രവർത്തിക്കുന്ന 5000 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ലാബാണ് ഐഡിയ സ്കീമിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. സാങ്കേതിക രംഗത്തുള്ള മാറ്റത്തിനനുസരിച്ച് വിദ്യാർത്ഥികളേയും ഗവേഷകരേയും നൈപുണ്യ വികസനത്തിലൂടെ തൊഴിൽ നേടാനും സംരംഭകരാവാനും പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മേക്ക് ഇൻ ഇന്ത്യയുടേയും ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്.ലേസർ കട്ടിംഗ് മെഷീൻ, സി.എൻ.സി റൂട്ടർ, പി.സി.ബി ബിൽഡിംഗ് മെഷീൻ, പി.സി.ബി പ്രോട്ടോടൈപ്പ് മെഷീൻ, കമ്പ്യൂട്ടർ വർക്ക് സ്റ്റേഷൻ, സ്മാർട്ട് ബോർഡ്, എച്ച്.ഡി പ്രിന്റർ, മിനി ഡെസ്ക്ടോപ്പ് മെഷീൻ, മിക്സഡ് സിഗ്നൽ ഓസിലോസ്കോപ്പ് എന്നീ ഉപകരണങ്ങൾ ഉൾപ്പെടുന്ന മികച്ച സജ്ജീകരണങ്ങളാണ് ഐഡിയ ലാബിൽ ഉള്ളത്.തദ്ദേശീയ പ്രശ്നങ്ങളെ കണ്ടെത്തി അവയെ വിദ്യാർത്ഥികളേയും ഗവേഷകരേയും വ്യവസായ സംരംഭങ്ങളേയും ഏകോപിപ്പിച്ച് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹരിക്കുക പദ്ധതിയുടെ പ്രധാന ഉദ്ദേശമാണ്. ഇതിനായി കേരളത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതി മുന്നോട്ടു പോകും. ഈ പദ്ധതിയുടെ ഭാഗമായി വർക്ക്ഷോപ്പുകളും ഐഡിയേഷൻ സെഷനും ബൂട്ട് ക്യാമ്പുകളും ടെക്നിക്കൽ ഫെസ്റ്റിവലുകളും നടത്തപ്പെടും. ഒരു കോടി രൂപയാണ് ഐഡിയ ലാബിനുള്ള ധനസഹായം. ഐഡിയ ലാബുവഴി ഈ രണ്ട് കോളേജുകളിലായി കൂടുതൽ സംരംഭകരേയും സ്റ്റാർട്ടപ്പുകളെയും വാർത്തെടുക്കുമെന്ന് എൽ.ബി.എസ് ഡയറക്ടർ ഡോ.എം അബ്ദുൽ റഹ്മാൻ പറഞ്ഞു. സുവർണ ജൂബിലിയിലേയ്ക്കടുക്കുന്ന എൽ.ബി.എസ് സെന്ററിന്റെ സാങ്കേതിക രംഗത്തെ സേവനങ്ങൾക്കും പ്രവർത്തനങ്ങൾക്കും കിട്ടിയ അഗീകാരം കൂടിയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അഴീക്കോടിന്റെ ഭവനവും ഗ്രന്ഥശാലയും സെന്റർ ഓഫ് എക്സലൻസ് ഉപകേന്ദ്രമായി ഭാഷാപഠന കേന്ദ്രമാക്കും: മന്ത്രി ഡോ. ബിന്ദു

ഡോ. സുകുമാർ അഴീക്കോടിന്റെ തൃശൂർ എരവിമംഗലത്തുള്ള ഭവനവും ഗ്രന്ഥശേഖരവും പൊടിപിടിച്ചു ഉപയോഗശൂന്യമായി കിടക്കുന്നതിൽ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ബിന്ദുവിന്റെ ഇടപെടൽ. ഭവനവും ഗ്രന്ഥശേഖരവും ഏറ്റെടുത്ത് ഭാഷാപഠന കേന്ദ്രമാക്കി മാറ്റുമെന്ന് മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന 'കേരള ലാംഗ്വേജ് നെറ്റ്വർക്ക്' എന്ന സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായാണ് അഴീക്കോടിന്റെ പേരിലുള്ള ഭാഷാപഠന കേന്ദ്രം പ്രവർത്തിക്കുകയെന്നും മന്ത്രി പ്രഖ്യാപിച്ചു.

ഡോ. സുകുമാർ അഴീക്കോടിന്റെ അനുസ്മരണ പരിപാടിയിൽ വെച്ചാണ് അഴീക്കോടിന്റെ ഗ്രന്ഥശേഖരം പൊടിപിടിച്ചു ഉപയോഗശൂന്യമായി കിടക്കുന്നത് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.അതിനോട് ഉടൻ പ്രതികരണമറിയിക്കുകയായിരുന്നു മന്ത്രി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോളനിലവാരത്തിൽ എത്തിക്കാൻ സ്ഥാപിക്കുന്ന ഏഴ് മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ ക്യാമ്പസിൽ സ്ഥാപിക്കുന്ന കേരള ലാംഗ്വേജ് നെറ്റ്വർക്ക്. ഭാഷാവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഗവേഷണം, വിദ്യാഭ്യാസം, സാംസ്കാരിക വൈവിധ്യം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നതാണ് കേരള ലാംഗ്വേജ് നെറ്റ്വർക്ക്. കേരളത്തിലെ പ്രാദേശികഭാഷകളുടെയും മറ്റു ഇന്ത്യൻ, ആഗോള ഭാഷകളുടെയും പഠന-ബോധന പ്രക്രിയ മെച്ചപ്പെടുത്താനും, നവീന പഠനരീതികളും സാങ്കേതികവിദ്യകളും അന്തർവിഷയ ഗവേഷണവും ആവിഷ്കരിച്ച് കേരളത്തെ ഭാഷാമികവിന്റെ ആഗോളകേന്ദ്രമായി മാറ്റാനുമാണീ മികവിന്റെ കേന്ദ്രം. ബഹുഭാഷാപ്രാവീണ്യം പ്രോത്സാഹിപ്പിക്കലും സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കലും ഈ മികവിന്റെ കേന്ദ്രത്തിന്റെ ലക്ഷ്യമാണെന്നും മന്ത്രി പറഞ്ഞു.കേരള ലാംഗ്വേജ് നെറ്റ്വർക്കിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വിദേശഭാഷകളുടെയും പരിഭാഷയുടെയും ഉപകേന്ദ്രം, ഭാഷാ സാങ്കേതികവിദ്യകളുടെ ഉപകേന്ദ്രം, കേരളത്തിലെ തദ്ദേശഭാഷകളുടെ പഠന ഉപകേന്ദ്രം എന്നിവയും സ്ഥാപിക്കുമെന്ന് സെന്ററിന്റെ ധാരണാപത്ര കൈമാറ്റവേളയിൽ മന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. വിദേശഭാഷകളുടെയും പരിഭാഷയുടെയും ഉപകേന്ദ്രം പൊന്നാനി ആസ്ഥാനമാക്കി ഉടൻ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിച്ചിരുന്നു. പിന്നാലെയാണ് അഴീക്കോടിന്റെ പേരിലുള്ള ഭാഷാപഠന കേന്ദ്രം ആരംഭിക്കാനുള്ള തീരുമാനം മന്ത്രി അറിയിച്ചത്.

# ടെണ്ടർ ക്ഷണിച്ചു

അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിന്റെ ഉപയോഗത്തിനായി 2024-25 സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറുകളിൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ജനുവരി 30 ഉച്ചയ്ക്ക് ഒരു മണിവരെ സ്വീകരിക്കും. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കുളത്തുപ്പുഴയിൽ പ്രവർത്തിക്കുന്ന അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിൽ നിന്നും അറിയാം. ഫോൺ: 8075016432.

# നെടുങ്കണ്ടം: വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിച്ച് ദൃശ്യങ്ങൾ പ്രചരിപ്പിച്ച കേസിൽ കോട്ടയം സ്വദേശി അറസ്റ്റിൽ

മീനടം പുതുപ്പറമ്പിൽ വീട്ടിൽ രാഹുൽ രാജപ്പൻ (29) ആണ് അറസ്റ്റിലായത്.ഇടുക്കി സ്വദേശിയായ യുവതി ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ എത്തിയപ്പോഴാണ് പ്രതിയുമായി പരിചയപ്പെടുന്നത്. തുടർന്ന് ഫോൺനമ്പർ വാങ്ങുകയും പരിചയം പ്രണയമാകുകയും ചെയ്തു. വിവാഹവാഗ്ദാനം നൽകി ലോഡ്ജിൽ എത്തിച്ചും യുവതിയുടെ വീട്ടിൽവച്ചും പീഡിപ്പിക്കുകയായിരുന്നുവെന്നാണ് പരാതി. ഇതിനുശേഷം യുവതിയുടെ സ്വകാര്യദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു. യുവതി പോലീസിൽ പരാതി നൽകിയതിന് പിന്നാലെ പ്രതി ഒളിവിൽ പോയി.

ഉടുമ്പൻചോല സി.ഐ. പി.ഡി. അനൂപ്മോന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം ചൊവ്വാഴ്ച കോട്ടയം മെഡിക്കൽ കോളേജിന് സമീപത്തുവെച്ച് അറസ്റ്റുചെയ്തു. നിരന്തര ഉപദ്രവംമൂലം രണ്ടുവർഷം മുമ്പ് ഭാര്യ ആത്മഹത്യചെയ്ത കേസിലും ഇയാൾ പ്രതിയാണെന്ന് പോലീസ് പറഞ്ഞു.കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു. എസ്.ഐ. ബിൻസ്, എ.എസ്.ഐ. രജനി, സി.പി.ഒ.മാരായ സജിരാജ്, സിജോ, സുനീഷ് എന്നിവരാണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്.

# തനിക്കെതിരേ കുരുക്കു മുറുക്കുന്ന സർക്കാർ വന്യജീവി വിഷയത്തിലും ശാശ്വത പരിഹാരം കാണണം: പി. വി. അൻവർ

മലപ്പുറം: വയനാട്ടിൽ രാധയെന്ന വീട്ടമ്മയെ കടുവ കൊലപ്പെടുത്തിയസംഭവത്തിൽ രൂക്ഷ വിമർശനവുമായി പി. വി. അൻവർ. തനിക്കെതിരേ കുരുക്കു മുറുക്കുന്ന തിരക്കിലുള്ള സർക്കാർ വനം വന്യജീവി വിഷയത്തിൽ ശാശ്വത പരിഹാരം കാണുന്നതിന് ശ്രമിക്കണമെന്ന് അൻവർ പറഞ്ഞു.

സംസ്ഥാനത്ത് മലയോര മേഖലയാകെ വന്യജീവി ആക്രമണം കൊണ്ട് പൊതുജനങ്ങളും കർഷകരും പൊറുതിമുട്ടിയിരിക്കുകയാണ്. ഇന്നും ഒരു മനുഷ്യ ജീവൻ കൂടി പൊലിഞ്ഞിരിക്കുന്നു.

കൊല്ലപ്പെടുന്നവരിൽ ഭൂരിപക്ഷവും സാധാരണക്കാരും ആദിവാസി വിഭാഗത്തിൽ പെടുന്നവരുമാണ് എന്നുള്ളത് മറ്റൊരു വസ്തുതയാണ്. സർക്കാരിന്റെ നിഷ്ക്രിയത്വത്തിനെതിരെ പ്രതിഷേധിക്കുന്നവരെ അറസ്റ്റ് ചെയ്തത് കൊണ്ടോ ജയിലിൽ അടച്ചതുകൊണ്ടോ സർക്കാരിനും വനം വകുപ്പിനും ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടാൻ ആവില്ലെന്നും അൻവർ പറഞ്ഞു.

# തൃശൂരിൽ യുവതിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച കേസ്; പ്രതി പിടിയിൽ

തൃശൂർ: പെരിഞ്ഞനത്ത് യുവതിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ. പാലക്കാട് കണ്ണപാറ പരുവശേരി സ്വദേശിയായ സന്തോഷ് ( 45) ആണ് പിടിയിലായത്. വ്യാഴാഴ്ച പെരിഞ്ഞനം വെസ്റ്റ് ഓണപ്പറമ്പിനടുത്താണ് സംഭവം. വീടുകളിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്ന സെയിൽസ് ഗേളിനെയാണ് ഓട്ടോയിൽ കയറ്റി കൊണ്ടുപോകാൻ ശ്രമിച്ചത്. ചെന്ത്രാപ്പിന്നിയിൽ താമസിക്കുന്ന തിരൂർ സ്വദേശിയായ യുവതിയാണ് അക്രമത്തിനിരയായത്.

വീടുകളിൽ കയറിയിറങ്ങി ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്ന തിരൂർ സ്വദേശിയായ യുവതിയെ വ്യാഴാഴ്ച പെരിഞ്ഞനം ദുർഗ്ഗാനഗറിൽ വെച്ചാണ് സന്തോഷ് ഓട്ടോറിക്ഷയിൽ ബലം പ്രയോഗിച്ച് തട്ടി കൊണ്ടു പോകാൻ ശ്രമിച്ചത്.

പ്രതി ആളൊഴിഞ്ഞ സ്ഥലത്ത് വെച്ച് യുവതിയെ ബലം പ്രയോഗിച്ച് ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അപകടം മനസ്സിലാക്കിയ യുവതി തന്ത്രപൂർവ്വം ഓട്ടോറിക്ഷയിൽ നിന്നും ചാടി രക്ഷപ്പെടുകയായിരുന്നു.

തുടർന്ന് യുവതി പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. കയ്പമംഗലം പോലീസ് ആണ് അന്വേഷണത്തിനൊടുവിൽ സന്തോഷിനെ പിടികൂടിയത്.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിംഗ്, ഡിപ്ലോമാ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നീ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു.പട്ടികജാതി / പട്ടികവർഗ്ഗ /മറ്റർഹ വിദ്യാർഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യമാണ്. പ്രസ്തുത കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി എസ്.ഇ.ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം – 695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. വെബ്സൈറ്റ്: www.captkerala.com, ഫോൺ: 0471-2474720, 0471-2467728.

# അപേക്ഷ ക്ഷണിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരള മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സംഘടിപ്പിക്കുന്ന 'ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീ സ്കൂൾ മാനേജ്മെന്റ്' കോഴ്സ് ആദ്യ ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി / തത്തുല്യ കോഴ്സിൽ വിജയവും ഉയർന്ന പ്രായപരിധി 45 വയസുമാണ്. നിലവിൽ വിവിധ വകുപ്പുകളിൽ ആയമാരായി സേവനം അനുഷ്ഠിക്കുന്നവർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല.www.scolekerala.org വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഫെബ്രുവരി 10 വരെയും 100 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ സ്പീഡ് /രജിസ്ട്രേഡ് തപാൽ മാർഗ്ഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2342950

# പി ജി മെഡിക്കൽ അലോട്ട്മെന്റ്

മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ പുതുക്കിയ മൂന്നാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ പ്രകാരം ഫൈനൽ മെരിറ്റ്, കാറ്റഗറി ലിസ്റ്റുകൾ ജനുവരി 27 ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനും ഓപ്ഷനുകൾ നൽകുന്നതിനും ഒഴിവാക്കുന്നതിനും ജനുവരി 30 മുതൽ ഫെബ്രുവരി 3 വൈകിട്ട് 5 വരെ അവസരമുണ്ട്. പ്രവേശനം നേടിയ കോളേജുകളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് തിരികെ ലഭിക്കാതെ ടി സി വാങ്ങാനുള്ള അവസാന തീയതി ഫെബ്രുവരി 2 വൈകുന്നേരം 5 മണി വരെയാണ്. അലോട്ട്മെന്റ് ഫെബ്രുവരി 5 ന് നടക്കും. അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഫെബ്രുവരി 6 മുതൽ 9 വരെ പ്രവേശനം നേടാം. ഫോൺ: 0471-2525300.

# നിഷിൽ പരിശോധന ക്യാമ്പ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ ഫെബ്രുവരി 1 രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ മുച്ചുണ്ട്, മുറിയണ്ണാക്ക്, മൂക്കിലൂടെ സംസാരിക്കുക, കുട്ടികളിൽ മൂക്കിലൂടെ പാൽ വരിക എന്നീ അവസ്ഥകൾ നേരിടുന്നവർക്കായി സമഗ്രമായ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കും. ശസ്ത്രക്രിയാ വിദഗ്ധർ, തെറാപ്പിസ്റ്റുകൾ, മനഃശാസ്ത്രജ്ഞർ, ഓഡിയോളജിസ്റ്റുകൾ എന്നിവരുൾപ്പെടെയുള്ള വിദഗ്ധരുടെ സേവനം ക്യാമ്പിൽ ഉണ്ടാകും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ഫോൺ: 0471-2944622, 0471-2944648.

# താൽക്കാലിക നിയമനം

കേരഫെഡ് കൊല്ലം, കരുനാഗപള്ളി മേഖലകളിൽ സെയിൽസ് പ്രമോട്ടർമാരുടെ താൽക്കാലിക നിയമനത്തിന് ബിരുദധാരികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏകീകൃത പ്രതിമാസ ശമ്പളം 20,000 രൂപയാണ്. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, കേരഫെഡ് ഹെഡ് ഓഫീസ്, കേര ടവർ, വെള്ളയമ്പലം, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ ഫെബ്രുവരി 3 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കണം. ഇമെയിൽ : contact@kerafed.com .

# സമ്മതിദായക ദിനാഘോഷം ഗവർണർ ഉദ്ഘാടനം ചെയ്യും

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 25ന് രാവിലെ 11ന് തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കും.

ആഘോഷത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയവും ചേർന്നൊരുക്കുന്ന ഫോട്ടോ പ്രദർശനവും ഗവർണർ ഉദ്ഘാടനം ചെയ്യും. പ്രമുഖ പത്രങ്ങളുടെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും ശേഖരത്തിലുള്ള ചരിത്രപ്രാധാന്യമുള്ളതും കാലികപ്രസക്തിയുള്ളതുമായ ഫോട്ടോകൾ പ്രദർശനത്തിന്റെ ഭാഗമായിരിക്കും.

ചടങ്ങിൽ ക്ലൗഡ് ബെയിസ്ഡ് ഫയൽ ആർക്കൈവിങ് സിസ്റ്റത്തിന്റെ ഉദ്ഘാടനം ഗവർണർ നിർവഹിക്കും. ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ പൊതുപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രദർശനങ്ങൾ, മത്സരങ്ങൾ, വോട്ടർ ബോധവൽക്കരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ എന്നിവയുൾപ്പെടെ നിരവധി പരിപാടികൾ നടക്കും.

ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കർ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ എ ഷാജഹാൻ, ജില്ലാ കളക്ടർ അനു കുമാരി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

# പെൻഷൻ അദാലത്ത്

കേരള സർക്കിളിൽ നിന്ന് വിരമിച്ച ടെലികോം / ബി.എസ്.എൻ.എൽ ജീവനക്കാരുടെ പെൻഷൻ പരാതികൾ പരിഹരിക്കുന്നതിന് വേണ്ടി കൺട്രോളർ ഓഫ് കമ്മ്യൂണിക്കേഷൻ അക്കൗണ്ട്സ്, കേരള സർക്കിൾ, മാർച്ച് 17 രാവിലെ 10.30ന് കൊല്ലം ബി.എസ്.എൻ.എൽ ഭവൻ കോൺഫറൻസ് ഹാളിൽ പെൻഷൻ അദാലത്ത് സംഘടിപ്പിക്കുന്നു. പെൻഷൻകാർ വെള്ളപേപ്പറിൽ തയ്യാറാക്കിയ പരാതികൾ ഫെബ്രുവരി 24ന് വൈകിട്ട് 5 മണിക്ക് മുമ്പായി തിരുവനന്തപുരം ടെലികമ്മ്യൂണിക്കേഷൻ ഓഫീസിൽ എത്തിക്കണം. പരാതിയിൽ പെൻഷൻകാരന്റെ/ പെൻഷൻകാരിയുടെ പേര്, തസ്തിക, കുടുംബ പെൻഷൻകാരന്റെ/ പെൻഷൻകാരിയുടെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി, പി.പി.ഒ നമ്പർ, സർവീസിൽ നിന്ന് വിരമിച്ച തീയതി, എസ്.എസ്.എ യുടെ പേര്, പരാതിയുടെ സംക്ഷിപ്ത രൂപം എന്നിവ വ്യക്തിമായി രേഖപ്പെടുത്തണം. പൂരിപ്പിച്ച അപേക്ഷകൾ/ പരാതികൾ സീനിയർ അക്കൗണ്ട്സ് ഓഫീസർ (പെൻഷൻ) ടെലികമ്മ്യൂണിക്കേഷൻ വകുപ്പ്, കേരള സർക്കിൾ അഞ്ചാം നില, ദൂർ സഞ്ചാർ ഭവൻ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം- 695033 വിലാസത്തിൽ അയയ്ക്കണം. ccakrlpensionadalat@gmail.com ഇ-മെയിലിലും പരാതി അയയ്ക്കാം.

# തെളിവെടുപ്പ് യോഗം

സംസ്ഥാന പുരാരേഖാ വകുപ്പിൽ നടപ്പിലാക്കാൻ പോകുന്ന കേരള പൊതുരേഖ ബിൽ 2023 മായി ബന്ധപ്പെട്ട് നിയമസഭാ സെലക്ട് കമ്മിറ്റി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പൊതുജനങ്ങൾ, പുരാരേഖകളുടെ ശേഖരണവുമായി ബന്ധപ്പെട്ട വിദഗ്ധർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ജനുവരി 29 ഉച്ചയ്ക്കു ശേഷം 2.30ന് നിയമസഭാ സമുച്ചയത്തിലെ 5 ഡി കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം ചേരും.

# പ്രോഗ്രാമിങ് ഓഫീസർ ഒഴിവ്

പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള പ്രോഗ്രാമിങ് ഓഫീസർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസിലെ ബി.ടെക്/ ബി.ഇ/ എം.ടെക്/ എം.ഇ അല്ലെങ്കിൽ എംസിഎ ആണ് യോഗ്യത. സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഒരു വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. താത്പര്യമുള്ളവർ ഫെബ്രുവരി 10ന് വൈകിട്ട് നാലിനുമുമ്പ് പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാംനില), തമ്പാനൂർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ നിലവിലുള്ള രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെടുന്നതിന് സമാന തസ്തികയിൽ ജോലി നോക്കുന്ന സർക്കാർ വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഓഫീസ് മേലധികാരി മുഖേന സമർപ്പിക്കുന്ന ജീവനക്കാരുടെ അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് കോമ്പൗണ്ട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ ജനുവരി 30ന് മുമ്പായി ലഭിക്കണം.

# റേഷൻ വ്യാപാരികളുമായി ധന ഭക്ഷ്യ വകുപ്പ് മന്ത്രിമാർ ചർച്ച നടത്തി

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ ജനുവരി 27 മുതൽ പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്കിന്റെ പശ്ചാത്തലത്തിൽ റേഷൻ വ്യാപാരി സംഘടനാ നേതാക്കളുമായി ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലും ചർച്ച നടത്തി. വേതന പരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് വ്യാപാരികൾ സമരം പ്രഖ്യാപിച്ചിരിക്കുന്നത്. വേതന വർധനവ് ഒഴികെയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുകയും വേതന വർധനവ് സംബന്ധിച്ച് മൂന്നംഗ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ ചർച്ചകൾ നടത്തി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാമെന്നും മന്ത്രിമാർ ഉറപ്പ് നൽകി. ചർച്ചയുടെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്കിൽ നിന്നും പിന്മാറണമെന്നും മന്ത്രിമാർ യോഗത്തെ അറിയിച്ചു. യോഗത്തിൽ സംഘടനാ നേതാക്കളായി ജി. സ്റ്റീഫൻ എം എൽ എ, ജോണി നല്ലൂർ, കൃഷ്ണപ്രസാദ്, പ്രിയൻകുമാർ, മുഹമ്മദലി, ശശിധരൻ, കാരേറ്റ് സുരേഷ്, ബിജു കൊട്ടാരക്കര, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# റവന്യു വകുപ്പ് മേഖലാ യോഗങ്ങൾ 28 മുതൽ

പട്ടയ വിതരണം, ഭൂമിതരംമാറ്റം, ഡിജിറ്റൽ സർവ്വെ പ്രകാരമുള്ള അധികഭൂമിയുടെ നികുതി, എൽആർഎം തുടങ്ങിയവ വേഗത്തിലും കാര്യക്ഷമമായും നിർവഹിക്കാനുള്ള റവന്യൂ വകുപ്പിന്റെ മേഖലാ യോഗങ്ങൾക്ക് ജനുവരി 28ന് തുടക്കമാകും. ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ, എൽആർ തഹസിൽദാർമാർ, സർവെ ഡെപ്യൂട്ടി ഡയറക്ടർ, സർവേ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കുന്ന റവന്യൂ മേഖലാ യോഗങ്ങൾ റവന്യൂ മന്ത്രി കെ രാജന്റെ അധ്യക്ഷതയിലാണ് ചേരുന്നത്. 28 ന് തിരുവനന്തപുരത്ത് ഐഎംജിയിൽ നടക്കുന്ന ആദ്യ യോഗത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകൾക്കായി 31ന് എറണാകുളത്തും പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകൾക്കായി ഫെബ്രുവരി മൂന്നിന് കോഴിക്കോടും ആണ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള യോഗങ്ങൾ ചേരുന്നത്.

# വായ്പാ അപേക്ഷകൾ ക്ഷണിച്ചു

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. കളിമൺ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി (PMU), കളിമൺ ഉൽപ്പന്ന നിർമ്മാണ/വിപണനത്തിന് വേണ്ടിയുള്ള പ്രവർത്തന മൂലധന വായ്പാ പദ്ധതി (PWCL), വനിതാ സ്വയം സഹായ സംഘങ്ങളായ അയൽക്കൂട്ടം ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള സ്വയം സഹായ ഗ്രൂപ്പ് വായ്പാ പദ്ധതി (ടഒഏ) എന്നിവയിലേക്ക് അപേക്ഷിക്കാം. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും പദ്ധതി മാർഗ്ഗരേഖകൾ പ്രകാരവുമാണ് വായ്പകൾ അനുവദിക്കുക. വിശദവിവരങ്ങൾക്ക്: www.keralapottery.org

# പത്രിക സമർപ്പണം

കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ തിരഞ്ഞെടുപ്പിന്റെ നോമിനേഷൻ പത്രിക സമർപ്പണം ആരംഭിച്ചു. ജനുവരി 31ന് 5 മണിവരെ നേരിട്ടോ തപാൽ മുഖേനയോ വരണാധികാരി മുമ്പാകെ നോമിനേഷൻ സമർപ്പിക്കാം.

# പുതിയ വൈറൽ പകർച്ചവ്യാധികൾ കൂടുതലും മൃഗങ്ങളിൽ നിന്നും പകരുന്നത്: ഡോ. സൗമ്യ സ്വാമിനാഥൻ

## ’കാലാവസ്ഥാ വ്യതിയാനവും അസന്തുലിത ഭക്ഷണരീതികളും ആരോഗ്യത്തിന് ഭീഷണി’

കൊച്ചി: പുതുതായി വരുന്ന വൈറൽ പകർച്ചവ്യാധികൾ കൂടുതലും മൃഗങ്ങളിൽ നിന്നും പകരുന്നതാണെന്ന് ലോക ആരോഗ്യ സംഘടന (ഡബ്ല്യു എച്ച് ഒ) മുൻ ചീഫ് സയന്റിസ്റ്റ് ഡോ സൗമ്യ സ്വാമിനാഥൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചടങ്ങിൽ വേമ്പനാട്ട് കായലിലെ ജലഗുണനിലവാരം, ജലജന്യ പകർച്ചവ്യാധികൾ സംബന്ധിച്ച ഗവേഷണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച വിവിധ സംരംഭങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

കാലാവസ്ഥാവ്യതിയാനവും പോഷകസമൃദ്ധമല്ലാത്ത ഭക്ഷണശീലങ്ങളും വരുത്തിവെക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ അവർ ഉയർത്തിക്കാട്ടി.

ഇന്നത്തെ മിക്ക ആരോഗ്യ ഭീഷണികളും പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്ന് ഉൽഭവിക്കുന്നതാണ്. അതിനാൽ ഇന്ത്യയിൽ ഒരു പരിസ്ഥിതി ആരോഗ്യ നിയന്ത്രണ ഏജൻസി സ്ഥാപിക്കണമെന്ന് അവർ നിർദേശിച്ചു.

അസന്തുലിതമായ ഭക്ഷണരീതി രാജ്യത്തെ പ്രധാന ആരോഗ്യഭീഷണികളിലൊന്നാണ്. പോഷകാഹാരക്കുറവ്, വിളർച്ച, സൂക്ഷ്മ പോഷക അപര്യാപ്തതകൾ തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോഴും നിനിൽക്കുന്നുണ്ട്. എന്നാൽ, ജനസംഖ്യയിൽ പകുതിയോളം ഇന്ത്യക്കാരും ആവശ്യമായ പോഷകാഹാരം കഴിക്കാനുള്ള ശേഷിയില്ലാത്തവരാണ്.

ഭക്ഷണശീലം ആരോഗ്യകരമല്ലാത്തതിനാൽ, പൊണ്ണത്തടി, ജീവിതശൈലീ രോഗങ്ങൾ എന്നിവ കേരളത്തിലും തമിഴ്നാട്ടിലും വർധിച്ചുവരികയാണ്. മാറിവരുന്ന ശീലങ്ങൾ കാരണം, സംസ്കരിച്ചതും ഉർന്ന അളവിൽ കൊഴുപ്പ്, പഞ്ചസാര, ഉപ്പ് അടങ്ങിയതുമായ ഭക്ഷണങ്ങൾക്കാണ് പ്രിയം. ധാരാളം അന്നജവും വളരെ കുറഞ്ഞ ഭക്ഷണ വൈവിധ്യവുമെന്നതാണ് സ്ഥിതി. പോഷകാഹാരം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യകരമായ ഭക്ഷണമെന്ന നിലയിൽ സമുദ്രവിഭവങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. എന്നാൽ, ഈ വിഭവങ്ങൾ ഇനിയും പൂർണമായി വിനിയോഗിച്ചിട്ടില്ല.



*ശുചിത്വരീതികളെ കുറിച്ചുള്ള സർവേ നടത്തുന്നതിനാവശ്യമായ ക്ലെൻസ് മൊബൈൽ ആപ് സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ ഡോ സൗമ്യ സ്വാമിനാഥൻ പുറത്തിറക്കുന്നു.*

കാലാവസ്ഥാവ്യതിയാനം കാരണം ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പ്രളയം, വരൾച്ച, ചുഴലിക്കാറ്റുകൾ, കൊടും ചൂട് തുടങ്ങിയ കാലാവസ്ഥാ അപകടങ്ങളിൽ ഒന്നെങ്കിലും രാജ്യത്തെ മിക്കവാറും മുഴുവൻ ജനങ്ങളെയും ബാധിക്കുന്നുണ്ട്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ചൂട് ഏറ്റവും അപകടകരിയാണ്. സമൂഹത്തിലെ ഏറ്റവും ദുർബലമായ വിഭാഗമാണ് ഇതിനെല്ലാം ഇരയാകുന്നത്.

ഈ വെല്ലുവിളികൾ നേരിടുന്നതിന് വിവിധ മന്ത്രാലയങ്ങൾ, വിവിധ ഗവേഷണ ഏജൻസികൾ എന്നിവരുടെ സംയുകത സഹകരണവും വിവര കൈമാറ്റവും ആവശ്യമാണ്. പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിയുള്ള സിറ്റിസൻ സയൻസ് സംരംഭങ്ങളും ആവശ്യമാണ്.

കോവിഡ് സമയത്ത്, ഒരു വർഷത്തിനുള്ളിൽ വാക്സിനുകളുടെ വികസനം ആരും പ്രതീക്ഷിച്ചിരുന്നില്ല. ഗവേഷണ സ്ഥാപനങ്ങളും ശാസ്ത്രജ്ഞരും തമ്മിലുള്ള അഭൂതപൂർവമായ സഹകരണം കൊണ്ടാണ് ഇത് സാധ്യമായത്.

ഡിജിറ്റൽ യുഗത്തിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അതിവേഗം പ്രചരിക്കുന്ന തെറ്റായ വിവരങ്ങൾ ശാസ്ത്രീയ പുരോഗതിക്കും പൊതുജനാരോഗ്യ ശ്രമങ്ങൾക്കും തടസ്സമാകും. കോവിഡ് സമയത്ത് സമയത്ത് എല്ലാവരും ’വിദഗ്ധർ’ ആയി ആളുകൾക്ക് ഉപദേശം നൽകുന്ന സ്ഥിതിയുണ്ടായിരുന്നു. ഇത് അപകടമാണ്. നിപ വൈറസിനെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ കേരള സർക്കാരിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ് ഡോ സൗമ്യ സ്വാമിനാഥൻ പറഞ്ഞു.

കായലിലെ വെള്ളത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനുള്ള വാട്ടർ ക്ലിനിക്, ശുചിത്വരീതികളെ കുറിച്ചുള്ള സർവേ നടത്തുന്നതിനാവശ്യമായ ക്ലെൻസ് ആപ്, ജലത്തിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് ഗവേഷകരെയും പൊതുജനങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യമായ അക്വാഡിപ് ആപ്പ്, തീരമേഖലയിലെ ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട ഡേറ്റബേസ് എന്നിവ ഡോ സൗമ്യ സ്വാമിനാഥൻ പുറത്തിറക്കി.

സിഎംഎഫ്ആർഐ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, നാൻസൺ എൺവയൺമെന്റൽ റിസർച്ച് സെന്റർഇന്ത്യ എന്നിവർ സംയുക്തമായാണ് വേമ്പനാട് കായലിലെ വിബ്രിയോ ബാക്ടീരിയകളുടെ സാന്നിധ്യം, മലിനീകരണം, പരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്നത്.ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. ഡോ കാജൽ ചക്രവർത്തി, ഡോ വി വി ആർ സുരേഷ് എന്നിവർ സംസാരിച്ചു.

# ജമ്മു രജൗരിയിലെ 17 പേരുടെ ദുരൂഹ മരണം; കാരണം വെളിപ്പെടുത്തി കേന്ദ്രമന്ത്രി

ന്യൂഡൽഹി: ജമ്മു രജൗരിയിലെ 17 പേരുടെ ദുരൂഹ മരണത്തിൽ കാരണം കണ്ടെത്തിയതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്. പ്രാഥമിക അന്വേഷണത്തിൽ മരണം വിഷം ഉള്ളിൽ ചെന്നാണെന്ന് കണ്ടെത്തിയതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

എന്നാൽ വിഷാംശം ഏതാണെന്ന് കണ്ടെത്താനുള്ള പരിശോധന തുടരുകയാണ്. ബാക്ടീരിയ വൈറൽ ബാധകൊണ്ടല്ല മരണമെന്നും മന്ത്രി പറഞ്ഞു. 17പേർ മരിച്ചത് കൂടാതെ കഴിഞ്ഞ ദിവസം അഞ്ച് പേരെക്കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

തുടർന്ന് ബുധനാഴ്ച ബാദൽ ഗ്രാമത്തെ കണ്ടെയ്ൻമെൻറ് സോണായി പ്രഖ്യാപിച്ചിരുന്നു. പ്രദേശത്തെ എല്ലാ ഒത്തുചേരലുകളും നിരോധിച്ചു. ഡിസംബർ മാസം മുതലാണ് ദുരൂഹമായ കാരണങ്ങൾ കൊണ്ട് മൂന്ന് കുടുംബങ്ങളിലെ കുട്ടികൾ ഉൾപ്പെടെ 17 അംഗങ്ങൾ മരിച്ചത്. മറ്റ് പലരും രോഗബാധിതരായി തുടരുകയാണ്. അതിനിടെയാണ് അഞ്ച് പേരെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

രോഗബാധിതരായ അഞ്ചുപേരെ ആദ്യം കണ്ടി സിഎച്ച്സിയിൽ പ്രവേശിപ്പിച്ചു. ഗുരുതരാവസ്ഥയിലുള്ള ഒരു രോഗിയായ അജാസ് ഖാനെ (25) പിജിഐഎ ചണ്ഡീഗഡിലേക്ക് റഫർ ചെയ്തു.

മൂന്ന് പ്രായപൂർത്തിയാകാത്ത സഹോദരിമാരെ മുമ്പ് സിഎച്ച്സിയിൽ നിന്ന് ജിഎംസി രജൗരിയിലേക്ക് റഫർ ചെയ്തിരുന്നു. ആർമി ഹെലികോപ്റ്ററിലാണ് ഇവരെ ജമ്മുവിലേക്ക് മാറ്റിയത്.

## ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചു; പതഞ്ജലിയുടെ മുളക്പൊടി വിപണിയിൽ നിന്നും പിൻവലിക്കാൻ നിർദേശം

ന്യൂഡൽഹി: പതഞ്ജലിയുടെ മുളക്പൊടി വിപണിയിൽ നിന്നും പിൻവലിക്കാൻ ആവശ്യപ്പെട്ട് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ. ബാച്ച് നമ്പർ – എജെഡി2400012 ന്റെ മുഴുവൻ ഉത്പന്നങ്ങളുമാണ് തിരിച്ചുവിളിച്ചിരിക്കുന്നത്.

നിലവിലുള്ള ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ഇതുസംബന്ധിച്ച നിർദേശം ലഭിച്ചതായി പതഞ്ജലി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ബാബ രാംദേവ് നേതൃത്വം നൽകുന്ന പതഞ്ജലി ആയുർവേദ ഗ്രൂപ്പ് 1986 ലാണ് സ്ഥാപിതമായത്.

## സിനിമയിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ തിരുവനന്തപുരം സ്വദേശി പിടിയിൽ

ചെന്നൈ: സിനിമയിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെന്ന പരാതിയിൽ തിരുവനന്തപുരം സ്വദേശി ആർ. സുരേഷ് കുമാർ അറസ്റ്റിൽ. കോയമ്പത്തൂർ സിറ്റി പോലീസാണ് സുരേഷ് കുമാറിനെ അറസ്റ്റ് ചെയ്തത്. സിനിമയിൽ മേക്കപ്പ് ആർടിസ്റ്റ് ജോലി വാഗ്ദാനം ചെയ്ത് 6.13 ലക്ഷം രൂപ തട്ടിയ ശേഷം സുരേഷ് കുമാർ മുങ്ങിയെന്നാണ് പരാതി. പണം ബാങ്ക് അക്കൗണ്ടിൽ എത്തിയതോടെ ഇയാൾ ഫോൺ ഓഫ് ചെയ്ത് മുങ്ങി.

യുവതി നൽകിയ പരാതിയിൽ കേസെടുത്ത പോലീസ്, രാവിലെ ബംഗളൂരുവിലെ ഹോട്ടലിൽ നിന്നാണ് കസ്റ്റഡിയിൽ ഇയാളെ എടുത്തത്. മൊബൈൽ ഫോണുകളും എടിഎം കാർഡുകളും ചെക്ക് ബുക്കുകളും ഇയാളിൽ നിന്ന് കണ്ടെത്തിയതായും കോയമ്പത്തൂർ പോലീസ് അറിയിച്ചു.

# കേരള പൊതുരേഖാ ബിൽ: നിർദേശങ്ങൾ സമർപ്പിക്കാം

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചെയർപേഴ്സണായി രൂപീകരിച്ച 2023 ലെ കേരള പൊതുരേഖാ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലുള്ളവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ജനുവരി 29ന് ബുധനാഴ്ച 2.30ന് നിയമസഭാ സമുച്ചയത്തിലെ 5ഡി കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം ചേരും.

2023ലെ കേരള പൊതുരേഖാ ബില്ലും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച ചോദ്യാവലിയും www.niyamasabha.org എന്ന നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഹോം പോജിലും Pre-Legislative Public Consultation എന്ന ലിങ്കിലും ലഭ്യമാണ്. ബില്ലിലെ വ്യവസ്ഥകളിന്മേൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുവാൻ താൽപര്യമുള്ളവർക്ക് യോഗത്തിൽ നേരിട്ടോ രേഖാമൂലമോ സമർപ്പിക്കാം.

കൂടാതെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ‘അണ്ടർ സെക്രട്ടറി, നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭ, തിരുവനന്തപുരം – 33’ എന്ന മേൽവിലാസത്തിലോ legislation@niyamasabha.nic.in, legislation.kla@gmail.com ഇമെയിലിലോ രേഖാമൂലം ഫെബ്രുവരി 28 നകം അയക്കാം. ഫോൺ: 0471 2512020.

# അഭിമന്യു വധം: വിചാരണ നീട്ടി

കൊച്ചി: മഹാരാജാസ് കോളജിലെ എസ് എഫ് ഐ പ്രവർത്തകൻ അഭിമന്യുവിനെ കൊലപ്പെടുത്തിയ കേസിന്റെ വിചാരണ നടപടികൾ നീട്ടി വച്ചു. വിചാരണ വേഗത്തിലാക്കണമെന്ന് ഹൈക്കോടതിയിൽ അഭിമന്യുവിന്റെ അമ്മ ഭൂപതി നൽകിയ ഹർജി തീർപ്പാക്കിയ ശേഷം കേസ് പരിഗണിക്കുമെന്ന് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി പറഞ്ഞു.

നടിയെ ആക്രമിച്ച കേസിന്റെ വിചാരണയ്ക്ക് ശേഷം വിധി പറഞ്ഞ് ഒൻപത് മാസത്തിനുള്ളിൽ അഭിമന്യു കേസ് വിചാരണ പൂർത്തിയാക്കുമെന്ന് പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി വർഗീസ് ഹൈക്കോടതിയെ നേരത്തെ അറിയിച്ചിരുന്നു. കേസ് മാർച്ച് അ!ഞ്ചിന് വീണ്ടും പരിഗണിക്കും. 2018 ജൂലൈ രണ്ടിനാണ് എസ്എഫ്ഐ പ്രവർത്തകനായ അഭിമന്യുവിനെ ക്യാംപസ് ഫ്രണ്ട് പ്രവർത്തകർ കുത്തിക്കൊന്നത്.

2018 സെപ്റ്റംബർ 26ന് കേസിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. ഇക്കഴിഞ്ഞ ഒക്ടോബറിൽ പ്രാരംഭ വാദം തുടങ്ങാൻ തീരുമാനിച്ചിരുന്നു. വിചാരണ കഴിഞ്ഞ വർഷം തുടങ്ങാനിരിക്കെ കേസിലെ ചില നിർണായക രേഖകൾ കോടതിയിൽ നിന്ന് നഷ്ടപ്പെട്ടു. എന്നാൽ പ്രോസിക്യൂഷൻ പുനഃസൃഷ്ടിച്ച രേഖകൾ ലഭ്യമാക്കണമെന്ന് പ്രതിഭാഗം ആവശ്യപ്പെട്ടതോടെ കേസ് മാറ്റിവയ്ക്കുകയായിരുന്നു.

# ചേന്ദമംഗലം കൂട്ടക്കൊല; ജിതിൻ ബോസ് കൊല്ലപ്പെടാത്തതിൽ നിരാശയെന്നു പ്രതി ഋതു ജയൻ

കൊച്ചി: ചേന്ദമംഗലത്ത് ഒരു കുടുംബത്തിലെ മൂന്നു പേരെ അടിച്ചുകൊലപ്പെടുത്തിയ സംഭവത്തിൽ പശ്ചാത്താപമില്ലെന്ന് പ്രതി ഋതു ജയൻ. ജിതിൻ ബോസ് കൊല്ലപ്പെടാത്തതിൽ നിരാശയുണ്ടെന്നാണ് പ്രതി ഋതു തെളിവെടുപ്പിനിടെ പോലീസിനോട് പറഞ്ഞത്. പ്രതിയെ ഇന്നു രാവിലെ കൊലപാതകം നടന്ന വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്തി. അക്രമണം നടത്തിയത് ഏതുവിധത്തിലായിരുന്നെന്ന് പ്രതി പോലീസിന് കാണിച്ചു കൊടുത്തു. ഇതിനായി പ്രതി കൊലക്ക് ഉപയോഗിച്ച തരത്തിലുള്ള കമ്പിവടി കരുതിയിരുന്നു. ഇതുമായി ഇയാളുടെ വീട്ടിൽ നിന്ന് ഇറങ്ങുന്നതും വീടിന് എതിർവശത്തുള്ള മരിച്ച കാട്ടിപറമ്പിൽ വേണുവിന്റെ വീട്ടിലേക്ക് പോകുന്നതും വേണു, ഭാര്യ ഉഷ, മകൾ വിനീഷ എന്നിവരെയും, ഗുരുതരാവസ്ഥയിലുള്ള ജിതിനെയും തലയ്ക്ക് അടിച്ചത് എങ്ങനെയെന്ന് പ്രതി കാണിച്ചു കൊടുത്തു. പോലീസ് നേരത്തേ കമ്പിവടി കണ്ടെടുത്ത സ്ഥലത്ത്, തുടന്ന് പ്രതി വടി എറിഞ്ഞുകളഞ്ഞു. ഫിംഗർപ്രിൻറ് വിദഗ്ധരും പോലീസിനൊപ്പം ഉണ്ടായിരുന്നു. ജനരോഷം ഭയന്ന് ദ്രുതഗതിയിലാണ് അന്വേഷണ സംഘം കാര്യങ്ങൾ പൂർത്തിയാക്കിയത്. പ്രതിയുടെ തിരിച്ചറിയൽ പരേഡും വൈദ്യ പരിശോധനയും പൂർത്തിയായിട്ടുണ്ട്. വെള്ളിയാഴ്ച ഋതുവിന്റെ കസ്റ്റഡി കാലാവധി അവസാനിക്കും. ജിതിൻ ബോസിന്റെ ആരോഗ്യ നിലയിൽ നേരിയ പുരോഗതിയുണ്ട്.

പ്രതിക്ക് മാനസിക പ്രശ്നങ്ങളില്ല; മുനമ്പം ഡിവൈഎസ്പി പ്രതി ഋതുവിന് മറ്റ് മാനസിക പ്രശ്നങ്ങളില്ലെന്ന് അന്വേഷണോദ്യോഗസ്ഥനായ മുനമ്പം ഡിവൈഎസ്പി എസ്. ജയകൃഷ്ണൻ പറഞ്ഞു. കുറ്റകൃത്യം നടത്തുന്നതിനെ കുറിച്ച് ഇയാൾ മുമ്പ് സുഹൃത്തുക്കളോട് സംസാരിച്ചിരുന്നു.

ഈ സുഹൃത്തുക്കളെ കണ്ടെത്തി അവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതി ചോദ്യം ചെയ്യലിനോട് സഹകരിക്കുന്നുണ്ട്. ഇയാൾ താൽക്കാലികമായി ലഹരി വിമുക്തി ചികിത്സ നടത്തിയതായും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 16ന് ആണ് പേരേപ്പാടത്ത് കാട്ടിപറമ്പിൽ വേണു (65) ഭാര്യ ഉഷ (58) മകൾ വിനീഷ (32) എന്നിവരെ വീട്ടിൽക്കയറി അയൽവാസിയായ ഋതു ജയൻ തലയ്ക്ക് ഇരുമ്പ് വടികൊണ്ട് ക്രൂരമായി അടിച്ച് കൊലപ്പെടുത്തിയത്. കൊല്ലപ്പെട്ട വിനീഷയുടെ ഭർത്താവാണ് ജിതിൻ ബോസ്.

# വേമ്പനാട് കായൽ സംരക്ഷണ അതോറിട്ടി രൂപീകരിക്കണം: മത്സ്യത്തൊഴിലാളി ഫെഡറേഷൻ

വൈപ്പിൻ: വേമ്പനാട് കായൽ സംരക്ഷണ അതോറിട്ടി രൂപീകരിക്കണമെന്നും, ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ചെളിയും മണലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണ ശേഷി വർധിപ്പിച്ച് വെള്ളക്കെട്ട് ഒഴിവാക്കണമെന്നും മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എഐടിയുസി) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. മുനമ്പം നിവാസികൾക്ക് തങ്ങളുടെ ഭൂമിയിലുള്ള റവന്യു അവകാശം സംരക്ഷിക്കപ്പെടണമെന്നും പെരിയാർ മത്സ്യക്കുരുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കണമെന്നും 2016 വരെയുള്ള വായ്പകൾ എഴുതിത്തള്ളണം. കാലാവസ്ഥാ വ്യതിയാനം മൂലം മത്സ്യബന്ധനം നിരോധിക്കപ്പെടുന്ന നാളുകളിൽ ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നും തൊഴിൽനഷ്ട വേതനം നൽകണം.കടൽ ഖനന തീരുമാനത്തിനെതിരെയും വേമ്പനാട്ട് കായൽ സംരക്ഷണത്തിനായും പ്രക്ഷോഭം സംഘടിപ്പിക്കാനും തീരുമാനിച്ചു. കടൽ ഖനന തീരുമാനത്തിനെതിരെ മാർച്ച് ആറിന് തീരദേശ ജില്ലകളിൽ മത്സ്യത്തൊഴിലാളി ശൃംഖലയും വേമ്പനാട്ട് കായൽ എക്കലും ചെളിയും നീക്കം ചെയ്യുക, വീടുകളിൽ വെള്ളം കയറുന്നതിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്നാവശ്യപ്പെട്ട് കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ ബഹുജന സദസും സംഘടിപ്പിക്കും.എഐടിയുസി സംസ്ഥാന സെക്രട്ടറി എലിസബത്ത് അസീസി, ഫെഡറേഷൻ ദേശീയ ഭാരവാഹികളായ കുമ്പളം രാജപ്പൻ, എ കെ ജബ്ബാർ, സംസ്ഥാന ട്രഷറർ ഡി ബാബു എന്നിവർ പ്രസംഗിച്ചു.

റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ അരുൾദാസ് (തിരുവനന്തപുരം), അനിൽകുമാർ (കൊല്ലം), അഡ്വ. രാജേഷ് ചെങ്ങളം (കോട്ടയം), എ പി റോയ് ബി ഷിബു (ആലപ്പുഴ), മുഹമ്മദ് അബ്ബാസ് പി കെ ഷാജി (എറണാകുളം ), ഷിഹാബ് (തൃശൂർ), മുർഷിദ് വഹാബ് (മലപ്പുറം), എം വി ശെൽവരാജ് (കോഴിക്കോട്), മനോജ് പി വി, ഷാൻ പി വി (കണ്ണൂർ), എം എച്ച് ഹാരിസ് (കാസർഗോഡ്) എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി ടി രഘുവരൻ മറുപടി പറഞ്ഞു. പി ജെ കുശൻ നന്ദി രേഖപ്പെടുത്തി

## അമേരിക്കൻ സൈബർ സെക്യൂരിറ്റി കമ്പനിയായ ഫോർട്ടിനെറ്റുമായി ധാരണപത്രം ഒപ്പിട്ട് അസാപ് കേരള

സൈബർ സെക്യൂരിറ്റി മേഖലയിലെ നൈപുണ്യ പരിശീലനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയും അമേരിക്കൻ സൈബർ സെക്യൂരിറ്റി കമ്പനിയായ ഫോർട്ടിനെറ്റും തമ്മിൽ ധാരണയായി. സൈബർ സെക്യൂരിറ്റി മേഖലയിലെ ലോകോത്തര സർട്ടിഫിക്കേഷനുകളെപ്പറ്റിയുള്ള ബോധവൽക്കരണവും അവ നേടുന്നതിനുള്ള പരിശീലനവും നൽകുന്നതിലൂടെ ഈ മേഖലയിലെ നൈപുണ്യവിടവ് നികത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യംവെക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട ധാരണാപത്രം 2025 ജനുവരി 23ന് ഉച്ചക്ക് 2 ന് അസാപ് കേരള സി.എം.ഡി ഉഷ ടൈറ്റസും, ഫോർട്ടിനെറ്റ് ഹെഡ് (ഗവൺമെൻറ് അഫയേഴ്സ്) ബിനു ജോർജ്ജും തമ്മിൽ അസാപ് കേരളയുടെ ആസ്ഥാനത്തുവച്ച് കൈമാറി. ഈ ചടങ്ങിൽ അസാപ് കേരള ഐ.ടി വിഭാഗം മേധാവി വിജിൽ കുമാർ വി വി, അസ്സോസിയേറ്റ് ഡിറക്ടറായ അനൂപ് കുമാർ, സീനിയർ ലീഡ് സുനീഷ് സി ആർ, സീനിയർ കൺട്രോളർ അഞ്ചു മാത്യു എന്നിവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2025 January 25 Saturday


# കൊയിലാണ്ടിയിൽ ട്രാഫിക് സ്റ്റേഷനിലെത്തിയ യുവാവ് എഎസ്ഐയെ മർദിച്ചു

കോഴിക്കോട്: കൊയിലാണ്ടിയിൽ ട്രാഫിക് പോലീസ് സ്റ്റേഷനിലെത്തിയ യുവാവ് എഎസ്ഐയെ മർദിച്ചു. കൊയിലാണ്ടി എടക്കുളം സ്വദേശി നിഹാബ് അബൂബക്കർ ആണ് എഎസ്ഐയെ മർദിച്ചത്.

സംഭവത്തിൽ നിഹാബ് അബൂബക്കറിനെ പോലീസ് അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു. വ്യാഴാഴ്ച രാവിലെയായിരുന്നു സംഭവം.

ട്രാഫിക് സ്റ്റേഷനിലെത്തിയ യുവാവ് എഎസ്ഐ സജീവനെ ആക്രമിക്കുകയായിരുന്നു. ട്രാഫിക് നിയമ ലംഘനത്തിന് തനിക്ക് ലഭിച്ച പിഴ അടക്കുന്നതുമായി ബന്ധപ്പെട്ട കാര്യം അന്വേഷിക്കാൻ ട്രാഫിക് സ്റ്റേഷനിൽ എത്തിയതായിരുന്നു നിഹാബ് അബൂബക്കർ. ആദ്യം സ്റ്റേഷനിലെത്തിയ ഇയാൾ ഫൈൻ സംബന്ധിച്ച കാര്യങ്ങൾ സംസാരിക്കുകയും തിരിച്ചു പോവുകയും ചെയ്തു. എന്നാൽ കുറച്ചുകഴിഞ്ഞ് വീണ്ടുമെത്തി എഎസ്ഐയെ മർദ്ദിക്കുകയായിരുന്നുവെന്നാണ് പോലീസ് നൽകുന്ന വിശദീകരണം.

നിഹാബിനെ സംഭവ സ്ഥലത്തുവച്ചു തന്നെ പോലീസ് കസ്റ്റഡിയിലെടുത്തു. യുവാവിന്റെ ആക്രമണത്തിൽ ട്രാഫിക് പോലീസ് എഎസ്ഐ സജീവന് പരിക്കേറ്റിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.

വാക്കേറ്റത്തിനിടെ നിഹാബ് എഎസ്ഐയുടെ യൂണിഫോം പിടിച്ചുവലിക്കുകയും ചവിട്ടുകയും ചെയ്തെന്നാണ് പോലീസ് പറയുന്നത്. പരിക്കേറ്റ എഎസ്ഐ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്.



തിരുവനന്തപുരത്ത് എത്തിയ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രഹ്ലാദ് ജോഷിയെ സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രി ജി ആർ അനിൽ സന്ദർശിക്കുന്നു

# സംസ്ഥാനത്തെ അപൂർവ രോഗബാധിതരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകും: മന്ത്രി വീണാ ജോർജ്

## കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും

സംസ്ഥാനത്ത് അപൂർവ രോഗം ബാധിച്ചവരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അപൂർവ രോഗങ്ങൾ പ്രതിരോധിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും. കുഞ്ഞുങ്ങളെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്. നിലവിൽ എസ്എംഎ ബാധിതരായ കുഞ്ഞുങ്ങൾക്ക് ചികിത്സ നൽകി വരുന്നതിൽ 90 ശതമാനത്തിൽ കൂടുതൽ സർവൈവൽ റേറ്റുള്ളതായും മന്ത്രി വ്യക്തമാക്കി. മസ്കറ്റ് ഹോട്ടലിൽ നടന്ന അപൂർവ രോഗ ചികിത്സാ വിദഗ്ധരുടെ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അപൂർവ രോഗ പരിചരണ മേഖലയിൽ പുത്തൻ ചുവടുവയ്പ്പാണ് കേരളം നടത്തുന്നത്. 2024 ഫെബ്രുവരി മാസമാണ് അപൂർവ രോഗങ്ങൾക്കായി സംസ്ഥാന സർക്കാർ കെയർ പദ്ധതി ആരംഭിച്ചത്. 2024ലാണ് എസ്.എ.ടി. ആശുപത്രിയിൽ അപൂർവ രോഗങ്ങൾക്കുള്ള എൻസൈം റീപ്ലെയ്സ്മെന്റ് തെറാപ്പി ആരംഭിച്ചത്. ഇപ്പോൾ 106 രോഗികൾക്ക് വിലയേറിയ ചികിത്സ നൽകി വരുന്നു. ശലഭം പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ വൈകല്യങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ 7916 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. എസ്എടി ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസാക്കി.

ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. സ്ത്രീകളുടെ വിദ്യാഭ്യാസം, പൊതുജനാരോഗ്യ വികസനം, ആരോഗ്യ പ്രവർത്തകരുടെ ആത്മാർത്ഥത, നവോത്ഥാന മുന്നേറ്റം എന്നിവ കാരണം ആരോഗ്യ രംഗത്ത് ഏറെ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് മോറിസ്, അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് നോഡൽ ഓഫീസർ ഡോ. ശങ്കർ, വിവിധ വിഭാഗം മേധാവികൾ, കേന്ദ്ര പ്രതിനിധി ഡോ. അസ്ത എന്നിവർ പങ്കെടുത്തു.

കേരളത്തിലെ മെഡിക്കൽ കോളേജ് ഡോക്ടർമാരടക്കം ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, പീഡിയാട്രീഷ്യൻമാർ എന്നിവർക്ക് വേണ്ടിയാണ് ഏകദിന ശിൽപശാല നടത്തിയത്.

## നിപ്മറിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനത്തിന് അപേക്ഷിക്കാം: മന്ത്രി ഡോ. ബിന്ദു

സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ) ഭിന്നശേഷിക്കാർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം ആരംഭിക്കുകയാണെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. 18 നും 30 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ യുവതീയുവാക്കൾക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ ട്രെയിനിംഗ്, ബേക്കിംഗ് ആൻഡ് കൺഫെക്ഷണറി കോഴ്സ്, ഹോർട്ടികൾച്ചർ നേഴ്സറി മാനേജ്മെന്റ് ആൻഡ് ഓർഗാനിക് ഫാമിംഗ്, ടെയ്ലറിംഗ്, ഹൗസ് കീപ്പിംഗ് എന്നീ മേഖലകളിലാണ് പരിശീലനം. എംപവർമെന്റ് ത്രൂ വൊക്കേഷനലൈസേഷൻ (എം -വോക്) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പരിശീലനം നൽകുകയെന്ന് മന്ത്രി പറഞ്ഞു. വിദ്ഗ്ധരുടെ വിശദമായ വിലയിരുത്തലുകൾക്കു ശേഷമാണ് ഓരോ വ്യക്തിക്കും അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തുക. തൊഴിൽപഠനത്തോടൊപ്പം സാമൂഹ്യ ഇടപെടൽ, വ്യക്തിത്വ വികാസം എന്നിവയിലും പരീശീലനം നൽകും. ഫെബ്രുവരി അഞ്ചിനകം 9288099586 എന്ന നമ്പറിൽ രാവിലെ ഒമ്പതിനും വൈകീട്ട് നാലിനുമിടയ്ക്ക് ബന്ധപ്പെടണം.

## മുനമ്പം ജുഡീഷ്യൽ കമ്മിഷൻ നിയമനത്തിനെതിരെ ഹൈക്കോടതി

കൊച്ചി: മുനമ്പം ജുഡീഷ്യൽ കമ്മിഷൻ നിയമനത്തിൽ സർക്കാരിന് ഹൈക്കോടതിയുടെ വിമർശനം. കമ്മിഷനെ നിയമിച്ചത് എന്ത് അധികാരത്തിലാണെന്ന് കോടതി ചോദിച്ചു. മുനമ്പത്തെ 104 ഏക്കർ ഭൂമി വഖഫ് ആണെന്ന് സിവിൽ കോടതി നേരത്തെ കണ്ടെത്തിയിരുന്നു. വീണ്ടും കമ്മിഷനെ വെച്ച് എങ്ങനെ തീരുമാനമെടുക്കാൻ കഴിയുമെന്ന് കോടതി ചോദിച്ചു. മുനമ്പത്തെ കോടതി കണ്ടെത്തിയ ഭൂമിയിൽ ജുഡീഷ്യൽ കമ്മിഷൻ പരിശോധന സാധ്യമല്ല. കോടതി കണ്ടെത്തിയ ഭൂമി ജുഡീഷ്യൽ കമ്മിഷന്റെ പരിഗണന വിഷയത്തിൽ നിന്ന് സർക്കാർ ഒഴിവാക്കിയിട്ടില്ല. വഖഫ് കമ്മിഷൻ റിപ്പോർട്ട് 2010 ൽ സർക്കാർ അംഗീകരിച്ചതാണ്. വേണ്ടത്ര നിയമപരിശോധന കൂടാതെയാണ് സർക്കാർ ജുഡീഷ്യൽ കമ്മിഷനെ നിയോഗിച്ചതെന്നും കോടതി നിരീക്ഷിച്ചു. ജുഡീഷ്യൽ കമ്മിഷന്റെ അധികാരപരിധി വിശദീകരിക്കാനും ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. ഒരു ഭൂമിയുടെ ടൈറ്റിൽ തീരുമാനിക്കുള്ള അവകാശം സിവിൽ കോടതിക്കാണ്. ആ അവകാശത്തിൽ ഒരു ജുഡീഷ്യൽ കമ്മിഷന് എങ്ങനെ ഇടപെടാൻ സാധിക്കുമെന്ന് കോടതി ചോദിച്ചു.

## വയോമിത്രം പദ്ധതിക്ക് 11 കോടി രൂപ കൂടി അനുവദിച്ചു

വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ 11 കോടി രൂപകൂടി അനുവദിച്ചതായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ഇതടക്കം നടപ്പു സാമ്പത്തിക വർഷം പദ്ധതിയ്ക്ക് 22 കോടി രൂപ അനുവദിച്ചതായി മന്ത്രി പറഞ്ഞു.അറുപത്തഞ്ച് വയസ്സിനു മുകളിൽ പ്രായമുള്ള നഗരപ്രദേശവാസികളായ വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക് സേവനം തുടങ്ങിയവ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തേക്കും വ്യാപിപ്പിച്ചുകഴിഞ്ഞ പദ്ധതി മൂന്നു ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. സൗജന്യ ചികിത്സക്ക് പുറമെ മുതിർന്ന പൗരർക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുന്ന പരിപാടികൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ പദ്ധതി നഗരപ്രദേശങ്ങളിലെ മുതിർന്നപൗരരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങളിലാണ് സാമൂഹ്യ സുരക്ഷാ മിഷനെന്ന് മന്ത്രി പറഞ്ഞു. വയോമിത്രം പദ്ധതി അടക്കമുള്ള മുതിർന്ന പൗരന്മാർക്കായുള്ള ക്ഷേമപദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിനാണ് കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം സംസ്ഥാനം നേടിയത്.

# കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി മന്ത്രി ജി.ആർ. അനിൽ

രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തിയ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രഹ്ലാദ് ജോഷിയെ സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ സന്ദർശിച്ചു. സംസ്ഥാന ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾ കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

മുൻഗണനാ വിഭാഗത്തിൽപ്പെട്ട റേഷൻകാർഡ് ഉടമകളുടെ മസ്റ്ററിംഗ് തീയതി മെയ് 31 വരെ ദീർഘിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടു. 2024 സെപ്റ്റംബർ 18 ന് സംസ്ഥാനത്ത് ആരംഭിച്ച ഇ-കെ.വൈ.സി മസ്റ്ററിംഗ് നിലവിൽ 90.89 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന അന്തിമ തീയതിയായ മാർച്ച് 31 ന് മുൻപ് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് പുറത്തു കഴിയുന്ന എല്ലാ ഗുണഭോക്താക്കൾക്കും എത്തിച്ചേർന്ന് മസ്റ്ററിംഗ് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആവശ്യം അനുഭാവപൂർവം പരിഗണിക്കാമെന്ന് പ്രഹ്ലാദ് ജോഷി അറിയിച്ചു.

റേഷൻ കടകളിൽ ഉപയോഗിച്ചുവരുന്ന ഇ-പോസ് മെഷീനിലെ ബയോമെട്രിക് സ്കാനർ ഘ0 ക്യാറ്റഗറിയിൽ ഉള്ളതാണ്. ഇത് ഘ1 ലേയ്ക്ക് അപ്ഗ്രേഡ് ചെയ്യണമെന്ന് ഡകളഅക അറിയിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ കാലാവധി ജൂൺ 30 വരെ ദീർഘിപ്പിക്കണമെന്ന് കേന്ദ്ര മന്ത്രിയോട് ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്.

പൊതുവിതരണ സംവിധാനം മുഖേന ഭക്ഷ്യധാന്യം നൽകുന്നതിന് പകരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനുകൂലമല്ലെന്ന് കേന്ദ്ര മന്ത്രിയെ അറിയിച്ചു. ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ റേഷൻ വ്യാപാരികൾ, ചുമട്ട് തൊഴിലാളികൾ, റേഷൻ വിതരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് ജനവിഭാഗങ്ങളെയെല്ലാം ദോഷകരമായി ബാധിക്കുമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആശങ്ക. സംസ്ഥാനത്തിന്റെ ആശങ്ക പരിഗണിച്ചുകൊണ്ട് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളുവെന്ന് കേന്ദ്ര മന്ത്രി ഉറപ്പു നൽകി.

# വിദ്യാർത്ഥികളെ സംരംഭകത്വത്തിലേക്ക് നയിക്കാൻ ഡ്രീംവെസ്റ്റർ 2.0 പദ്ധതിയുമായി അസാപ് കേരളയും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും

കേരളത്തിലെ യുവ സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനുമായി അസാപ് കേരള, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സഹകരണത്തോടെ 'ഡ്രീം വെസ്റ്റർ 2.0" പദ്ധതി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ശിൽപശാലകൾ, ഡിസൈൻ തിങ്കിങ് ശിൽപശാല, ഐഡിയത്തോൺ മത്സരം എന്നീ മൂന്ന് ഘട്ടങ്ങളായാണ് നടപ്പാക്കുക. ആദ്യ ഘട്ട ബോധവത്കരണ ശില്പശാലകൾ ഡിസംബർ മാസത്തിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു. അടുത്തഘട്ടമായി നടത്തപ്പെടുന്ന സംസ്ഥാനതല ഐഡിയത്തോൺ മത്സരത്തിനായി താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 3 മുതൽ 5 പേര് അടങ്ങുന്ന ടീമുകളായി പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്ക് വേണ്ടി ശിൽപശാല സംഘടിപ്പിക്കും. ഈ വർക്ഷോപ്പിലൂടെ ഒരു ആശയത്തെ എങ്ങനെ വികസിപ്പിക്കാമെന്നും അവയെ ഒരു ബിസിനസ് ആയി മാറ്റാമെന്നുമുള്ള വിശദമായ പരിശീലനം ലഭിക്കും.

സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായവും ലഭ്യമാക്കാൻ ഉതകുന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച ആശയങ്ങൾ കൈവശമുള്ള പ്രീ ഫൈനൽ, ഫൈനൽ ഇയർ വിദ്യാർത്ഥികൾക്ക് https://connect.asapkerala.gov.in/events/12582 എന്ന ലിങ്ക് വഴി ജനുവരി 25 വരെ അപേക്ഷിക്കാം. രജിസ്ട്രേഷൻ സൗജന്യമാണ്.

## കർഷക തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്തു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾക്കായി 2024 ഡിസംബറിൽ 1,92,66,072 രൂപ വിതരണം ചെയ്തു. മൊത്തം 3581 അപേക്ഷകളാണ് പരിഗണിച്ചത്. അധിവർഷാനുകൂല്യമായി 1,16,18,101 രൂപയും, മാരകരോഗ അധിവർഷാനുകൂല്യമായി 10.90,627 രൂപയും വിവാഹ ധനസഹായമായി 48,47,000 രൂപയും നൽകിയതായി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വാർത്താക്കുറിപ്പിൽ അറിയിച്ചു.


# മറ്റുള്ളവരുടെ മുമ്പിൽ വച്ച് അപമാനിച്ചു; മാനേജറെ കുടുക്കാൻ വിമാനത്തിൽ ബോംബ്: പ്രതിക്ക് 10 വർഷം കഠിന തടവ്

തിരുവനന്തപുരം : 15 വർഷം മുൻപ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ വച്ച് കിങ്ഫിഷർ വിമാനത്തിൽനിന്ന് നാടൻ ബോംബ് കണ്ടെടുത്ത കേസിൽ സ്വകാര്യ കരാർ കമ്പനി മുൻ ജീവനക്കാരനെ കോടതി വിവിധ വകുപ്പുകളിലായി 10 വർഷം കഠിന തടവിനും 50,000 രൂപ പിഴക്കും ശിക്ഷിച്ചു. രണ്ടാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി ജി. രാജേഷാണ് പ്രതിയെ ശിക്ഷിച്ചത്. മുൻ സിആർപിഎഫ് ഉദ്യോഗസ്ഥൻ മലയിൻകീഴ് വലിയറത്തല കൃഷ്ണപുരം സരസ്വതി വിലാസത്തിൽ രാജശേഖരൻ നായരായിരുന്നു കേസിലെ പ്രതി.

കിങ്ഫിഷർ കമ്പനിയുടെ വിമാനങ്ങളിൽ നിന്ന് സാധനങ്ങൽ കയറ്റുന്നതിനും ഇറക്കുന്നതിനും വൃത്തിയാക്കുന്നതിനും സ്വകാര്യ കരാർ കമ്പനിയായ യൂണിവേഴ്സൽ ഏവിയേഷനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഈ കരാർ കമ്പനിയിലെ സൂപ്പർവൈസറായിരുന്നു രാജശേഖരൻ നായർ. ഇദ്ദേഹം പലപ്പോഴും കരാർ കമ്പനിയിലെ ജീവനക്കാരോട് കർക്കശമായാണ് പെരുമാറിയിരുന്നത്. ജീവനക്കാരനായ അരുണിനെതിരെ പ്രതിയെടുത്ത അച്ചടക്ക നടപടി കിങ്ഫിഷർ എയർപോർട്ട് മാനേജർ ഗിരീഷ് ഇടപെട്ട് റദ്ദാക്കുകയും പ്രതിയെ കീഴ് ജീവനക്കാരുടെ മുന്നിൽ വച്ച് അപമാനിച്ച് സംസാരിക്കുകയും ചെയ്തു. ഇക്കാരണത്താൽ പ്രതിക്ക് മാനേജറോട് വിരോധമുണ്ടായിരുന്നു. 2010 ജനുവരി 26 ന് വിമാനത്തിലെ കോണിയിൽ നിന്ന് വീണ് പ്രതിക്ക് പരുക്കേറ്റെങ്കിലും അടിയന്തര വൈദ്യ സഹായം നൽകാൻ മാനേജർ വിസമ്മതിച്ചതും പക ഇരട്ടിക്കാൻ ഇടയാക്കി.

മാനേജറുടെ കാലഘട്ടത്തിൽ സുരക്ഷാ വീഴ്ച ഉണ്ടായാൽ കിങ്ഫിഷർ കമ്പനി മാനേജർക്കെതിരെ നടപടി എടുക്കുമെന്ന വിശ്വാസമാണ് നാടൻ ബോംബ് വിമാനത്തിൽ സ്ഥാപിക്കാൻ പ്രതിയെ പ്രേരിപ്പിച്ചത്. ഇതിനായി വലിയറത്തല ശ്രീ തമ്പുരാൻ ക്ഷേത്ര ഉത്സവത്തോട് അനുബന്ധിച്ച് നടന്ന കമ്പക്കെട്ട് സ്ഥലത്ത്നിന്ന് ഗുണ്ട് ഇനത്തിലുള്ള നാടൻ ബോംബ് ശേഖരിക്കുകയായിരുന്നു. ബെംഗളൂരുവിൽനിന്ന് തിരുവനന്തപുരത്ത് എത്തിയ വിമാനത്തിലെ കാറ്ററിങ് ഏരിയയിലെ ട്രോളികൾക്ക് ഇടയിൽ ഇതു സ്ഥാപിക്കുകയും ചെയ്തു.

# എം.എഫ്.ഹുസൈന്റെ 2 പെയ്ന്റിങ് പിടിച്ചെടുക്കാൻ ഉത്തരവ്



ന്യൂഡൽഹി : വിഖ്യാത ചിത്രകാരൻ എം.എഫ്.ഹുസൈന്റെ 2 പെയ്ന്റിങ്ങുകൾ പിടിച്ചെടുക്കാൻ ഡൽഹി പട്യാല ഹൗസ് കോടതി ഉത്തരവിട്ടു. ഹിന്ദു ദൈവങ്ങളെ മോശമായി ചിത്രീകരിക്കുന്നുവെന്നു കാട്ടി അഭിഭാഷകയായ അമിത സച്ച്ദേവ നൽകിയ പരാതിയിലാണു ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് സാഹിൽ മോൺഗ ഉത്തരവിട്ടത്.

ട്രെയിൻ അപകടത്തിന് കാരണം വ്യാജവാർത്ത; മരണം 13 ആയി

ജൻപഥ് റോഡിലെ ഡൽഹി ആർട്ട് ഗാലറിയിൽ (ഡാഗ്) കഴിഞ്ഞ മാസം ഹുസൈന്റെ ചിത്രങ്ങളുടെ പ്രദർശനം നടന്നിരുന്നു. ഇതിൽ ഉൾപ്പെട്ട ചിത്രങ്ങൾക്കെതിരെ, പ്രദർശനത്തിന്റെ ഫോട്ടോ ഉൾപ്പെടെ ഡിസംബർ 9നു അമിത പാർലമെന്റ് സ്ട്രീറ്റ് പൊലീസിൽ പരാതി നൽകി. അന്വേഷണത്തിന്റെ ഭാഗമായി പൊലീസ് സംഘം ഗാലറിയിലെത്തിയെങ്കിലും ചിത്രങ്ങൾ കണ്ടെത്താൻ സാധിച്ചില്ല. ഇതിനു പിന്നാലെയാണു ഡിസംബർ 12ന് ഇവർ പട്യാല ഹൗസ് കോടതിയെ സമീപിച്ചത്.

സിസിടിവി ദൃശ്യങ്ങൾ ഇതിനോടകം പിടിച്ചെടുത്തിട്ടുണ്ടെന്നു ഡൽഹി പൊലീസ് കോടതിയിൽ വ്യക്തമാക്കി. വിശദമായ റിപ്പോർട്ട് കൈമാറാൻ കോടതി പൊലീസിനു നിർദേശം നൽകിയിട്ടുണ്ട്.

അതേസമയം, കോടതി ഉത്തരവിനെതിരെ ഡാഗ് അധികൃതർ രംഗത്തെത്തിയിട്ടുണ്ട്. പ്രദർശനം കാണാനെത്തിയ അയ്യായിരത്തിലേറെ കലാപ്രേമികളിൽ ഒരാൾ മാത്രമാണ് ഇത്തരത്തിൽ പരാതിപ്പെട്ടതെന്നും പ്രതികരിച്ചു. എം.എഫ്. ഹുസൈന്റെ ചിത്രങ്ങൾ മുൻപും വിവാദമായിട്ടുണ്ട്. 2006 ൽ അദ്ദേഹം വരച്ച സരസ്വതി ദേവിയുമായി ബന്ധപ്പെട്ട ചിത്രം ഏറെ പ്രതിഷേധത്തിനു കാരണമായിരുന്നു.